# റവ . ഫാ .പ്രോബൂസ് പെരുമാലിൽ സി.എം. ഐ

ജനനം : 23 -01-1992 ആദ്യവ്രതം : 15 -10 -1941

മരണം : 27 -08 -2009 തിരുപ്പട്ടം : 10 - 04 -1950

സി. എം. ഐ സഭയിലെ തിരുവനന്തപുരം പ്രവിശ്യയിലെ മാന്നാനം സെൻറ് ജോസഫ്സ് ആശ്രമാംഗമായിരുന്ന ബഹുമാനപെട്ട പ്രോബൂസ് പെരുമാലിൽ അച്ഛൻ 27 -08 -2009 ൽ നിര്യാതനായി.

ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട കുടമാളൂർ ഇടവകയിൽ പെരുമാലിൽ കുടുംബത്തിൽ ലൂക്കാച്ചൻ - അന്നമ്മ ദമ്പതികളുടെ ഏഴാമത്തെ പുത്രനായി 1992 ൽ ജനിച്ച കുര്യച്ചനാണ്, മാന്നാനം ഹൈസ്കൂൾ പഠനാന്തരം സി.എം.ഐ സഭയിൽ ചേർന്ന് 1941 ൽ ആദ്യവ്രതം ചെയ്ത് പ്രോബൂസ് നാമധാരിയായി തീർന്നത്. 1950 ഏപ്രിൽ 10 നു ആയിരുന്നു പൗരോഹിത്യ സ്വീകരണം. തുടർന്ന് കറുകുറ്റി, കാരയ്ക്കാമുറി എന്നിവിടങ്ങളിലായിരുന്നു ശുശ്രുഷ. പിന്നീട് കരിക്കാട്ടൂർ, മാന്നാനം, ചെത്തിപ്പുഴ തുടങ്ങിയ ആശ്രമങ്ങളുടെ പ്രിയോരായും പുന്നപ്ര, നെട്ട എന്നിവിടങ്ങളിൽ സുപ്പീരിയർ ആയും കന്യാകുമാരി റീജിയണൽ സുപ്പീരിയറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സി.എം.ഐ സഭയുടെ ജനറൽ കൗൺസിലറായും, അവിഭക്ത സെൻറ് ജോസഫ് പ്രോവിൻസിന്റെ കൗൺസിലറായും തിരുവനന്തപുരം പ്രവിശ്യയുടെ വികർ പ്രൊവിൻഷ്യലായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദീപികയുടെ ഫിനാൻസ് മാനേജരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു ശില്പകലാവിദഗ്ദനായിരുന്ന അച്ചൻ കരിക്കാട്ടൂർ, ചെത്തിപ്പുഴ, തിരുവനന്തപുരം പുന്നപ്ര, ഭോപ്പാൽ എന്നിവിടങ്ങളിൽ ദേവാലയങ്ങളുടെയും ഇതര സ്ഥാപങ്ങളുടെയും നിർമ്മിതിയിൽ നേതൃത്വം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഗ്രിഗറി പെരുമാലിൽ അച്ചൻ പ്രോബൂസ് അച്ഛന്റെ ജ്യേഷ്ഠ സഹോദര പുത്രനാണ്. വൈസ് പോസ്റ്റുലേറ്ററായും സഭാ ശുശ്രുഷ നിർവഹിച്ചു.

മാന്നാനം ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന പ്രോബൂസ് അച്ഛന്റെ രോഗത്തിന്റേതായ അവശതകൾ നിമിത്തം മരണത്തിന്റെ മൂന്നുമാസം മുമ്പ് മുതൽ നടക്കാൻ പ്രയാസമായിരുന്നു. ഒരു മാസം കാരിത്താസ് ഹോസ്പിറ്റലിലും ഒരു മാസം നൂറനാട് കെ.സി.എം ഹോസ്പിറ്റലിലും ചികിൽസിച്ചു. നൂറനാട് ഹോസ്പിറ്റലിൽ വെച്ചു 27 /08 /2009 , 5 പി.എം നു നിര്യാതനായ പ്രോബൂസ് അച്ഛനെ കാരിത്താസ് ഹോസ്പിറ്റലിൽ മോർച്ചറിയിൽ വയ്ക്കുകയും 29ആം തീയതി രാവിലെ 8 .30 നു അവിടെ നിന്നും തിരികെ കൊണ്ടുവരുന്നവഴി കുടമാളൂർ പള്ളിയിൽ വയ്ക്കുകയും ഒപ്പീസ് നടത്തുകയും ചെയ്തു. 9 മണിയോടെ ആശ്രമത്തിൽ മൃതശരീരം എത്തിച്ചേർന്നു. 11 .30 നു ദേവാലയത്തിലേക്ക് സംവഹിച്ച

മൃതശരീരം 4 .30 ഓടുകൂടി അടക്കം ചെയ്തു. 29 – ആം തീയതിയിലെ ശവസംസ്ക്കാരശുശ്രൂഷയിൽ ധാരാളം സി.എം.ഐ വൈദീകരും ഇടവക വൈദീകരും സിസ്റ്റേഴ്സും ദൈവജനവും പങ്ക്കൊണ്ടു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ, രാജ്കോട്ട് രൂപതാദ്ധ്യക്ഷൻ മാർ ഗ്രിഗറി കരോട്ടുബ്രയിൽ തുടങ്ങിയവർ ആശ്രമത്തിലെത്തി അനുശോചനം അറിയിച്ചു.

അഭിവന്ദ്യ പൗവ്വത്തിൽ പിതാവ് ഒപ്പീസ് നടത്തി, പ്രാർത്ഥിച്ചു. 02 മണിയോടുകൂടി ആരംഭിച്ച വിശുദ്ധബലിയിൽ അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലത്തറ, ബിജ്നോർ രൂപതയുടെ നിയുക്തമെത്രാൻ മാർ ജോൺ വടക്കേൽ, സി.എം.ഐ സഭയുടെ പ്രിയോർ ജനറൽ റവ. ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, പ്രൊവിൻഷ്യൽ ബഹുമാനപെട്ട കുഞ്ചെറിയ പത്തിലച്ചൻ ആശ്രമം പ്രിയോർ ബഹുമാനപ്പെട്ട തോമസ് ചൂളപറമ്പിലച്ചൻ, അലക്സാണ്ടർ പൈകടയച്ചൻ, ഗ്രിഗറി പെരുമാലിലച്ചൻ തുടങ്ങുയവർ പങ്കെടുത്തു. അന്ത്യകർമ്മങ്ങൾക്ക് ചങ്ങനാശ്ശേരി അതിരൂപാതാദ്ധ്യക്ഷൻ മാർ ജോസഫ് പെരുംതോട്ടം പിതാവ് മുഖ്യകാർമികത്വം വഹിച്ചു. തക്കല രൂപാതാദ്ധ്യക്ഷൻ മാർ ജോർജ് ആലഞ്ചേരി മാർ ജോൺ വടക്കേൽ എന്നിവർ സഹകാർമികരായിരുന്നു.

അനുസ്മരണ പ്രഭാഷണം നടത്തിയത് മുൻ ജനറാൾ ബഹുമാനപ്പെട്ട തോമസ് ഐക്കരയച്ചനായിരുന്നു. നാലിന് സംസ്ക്കാരശുശ്രൂഷ അവസാനിച്ചു. പ്രിയോരച്ചൻ എല്ലാർക്കും നന്ദി പറഞ്ഞു.

കബറിടം

മാന്നാനം ആശ്രമത്തിൽ ഇപ്പോൾ ഉപയോഗിക്കുന്ന കബറിടങ്ങളിൽ പടിഞ്ഞാറുനിന്ന് രണ്ടാമത്തേതിലാണ് അച്ചനെ അടക്കം ചെയ്തത്

---